## പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1682 14-08-2017-ൽ മറുപടി നൽകേണ്ടിയിരുന്നത്**

## പുതുവൈപ്പിലെ ഐ.ഒ.സി. പ്ലാന്റിന്റെ നിർമ്മാണം പരിശോധിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.ഹൈബി ഈഡൻ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) പുതുവൈപ്പിലെ ഐ.ഒ.സി. പ്ലാന്റിന് പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 61 അനുസരിച്ച് ചീഫ് ടൗൺ പ്ലാനറുടെ പ്ലോട്ട് അപ്രൂവൽ ലഭിച്ചിട്ടുണ്ടോ; ഇത് കിട്ടാതെ പണിയുന്ന നിർമ്മാണ പ്രവൃത്തികൾ പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടത്തിന്റെ ലംഘനമാണെന്നുള്ള പരാതി കിട്ടിയിട്ടുണ്ടോ; ഇക്കാര്യം പരിശോധിക്കുമോ; | (എ) ഇല്ല. ഇതു സംബന്ധിച്ച് എളംകുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ പരാതി ലഭ്യമായിട്ടുണ്ട്. കൂടാതെ എറണാകുളം ജില്ലാ കളക്ടർക്ക് പരാതി ലഭിച്ചിട്ടുള്ളതും ആയതിൽ അന്വേഷണം നടത്തി വരുന്നതുമാണ്. |
| (ബി) ഐ.ഒ.സി. പ്ലാന്റിന് കേന്ദ്ര വനം- പരിസ്ഥിതി മന്ത്രാലയവും, സംസ്ഥാന തീരദേശ അതോറിറ്റിയും നൽകിയ അനുമതിയിൽ വേലിയേറ്റ നിരപ്പിൽ നിന്നും 200 മീറ്റർ അകലം പാലിച്ചാണ് പദ്ധതി നടപ്പിലാക്കേണ്ടത് എന്നു പറയുന്നുണ്ടോ; ഇക്കാര്യം പിന്നീട് ഇളവ് ചെയ്ത് നൽകുകയുണ്ടായോ; | (ബി) ഉണ്ട്. പിന്നീട് സംസ്ഥാന സർക്കാർ ഇളവ് നൽകിയിട്ടില്ല. |
| (സി) സംസ്ഥാനത്ത് പ്രത്യേക സാമ്പത്തിക മേഖലകളിൽ കേരള പഞ്ചായത്ത് രാജ് നിയമം/ചട്ടങ്ങൾ ബാധകമാക്കിക്കൊണ്ട് ഏതെങ്കിലും SEZ നയം സംസ്ഥാന സർക്കാർ കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) സർക്കാർ ഉത്തരവ് (സാധാരണ) നമ്പർ 1154/2008/ID dated 6/10/2008 പ്രകാരം SEZ നയം നിലവിൽ വന്നിട്ടുണ്ട്. ആയത് പ്രകാരം സംസ്ഥാനത്തെ എല്ലാ SEZ കളിലും പഞ്ചായത്ത് രാജ് ആക്ട് ബാധകമായിരിക്കും എന്നും പ്രസ്തുത ആക്ടിലെ 200-ാം വകുപ്പിൽ ആർക്കും ഒഴിവ് നൽകുന്നതല്ല എന്നും നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

(ഡി) പ്രത്യക സാമ്പത്തിക മേഖലകളിൽ കേരള പഞ്ചായത്ത് കെട്ടിട ചട്ടം ബാധകമാണോ;

(ഡി) അല്ല

(ഇ) എൽ.പി.ജി. ഇംപോർട്ട് ടെർമിനൽ (LITE) എന്നൊരു പദ്ധതിക്ക് പുതുവൈപ്പിൽ സംസ്ഥാന സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

(ഇ) എൽ.പി.ജി. ഇംപോർട്ട് ടെർമിനൽ (LITE) എന്ന പദ്ധതിക്ക് പുതുവൈപ്പിൽ താഴെപറയുന്ന അനുവാദങ്ങൾ നൽകിയിട്ടുണ്ട്.

**1.** Site appraisal clearance granted by the Labour & Rehabilitation (B) department, Govt.of Kerala vide G.O.(Rt) No.1673/2009/ LBR dated Thiruvananthapuram, 29.10.2009.

**2.** Recommendation for CRZ clearance by Science & Technology (A) Department Ref. No.2126/A2/08/S&TD dated 09.12.2009.

**3.** Integrated Consent to Establish by Kerala State Pollution Control Board. Ref: Consent No.PCB/HO/EKM/ICE-R/14/2015 dated. 27.08.2015.

**4.** Factory plan approval order by Director of Factories & Boilers Thiruvananthapuram. Order No.T3/11630/2017/F&B/R Dis, Dated 25.04.2017.

(എഫ്) കേരള കോസ്റ്റൽ സോൺ മാനേജ്മെന്റിന്റെ ശിപാർശ പ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പദ്ധതിക്ക് വേണ്ടി നൽകിയ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള സർക്കാർ ഏജൻസി ഏതാണ്; മേൽ ഏജൻസി നിർമ്മാണ പുരോഗതി വിലയിരുത്തി ഏതെങ്കിലും റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(എഫ്) Monitoring Report-ഉം Compliance Report-ഉം തയ്യാറാക്കുന്നതിനായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം, ബാംഗ്ലൂർ ആസ്ഥാനമായുള്ള റീജിയണൽ ഓഫീസിനെ ചുമതലപ്പെടുത്തുകയും, പ്രസ്തുത റിപ്പോർട്ട് റീജിയണൽ ഓഫീസ് തയ്യാറാക്കുകയും ചെയ്തു. ടി റിപ്പോർട്ടുകളുടെ പകർപ്പുകൾ കേരള തീരദേശ പരിപാലന അതോറിറ്റിയിലും, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിലും ലഭ്യമാണ്.

(ജി) ഇന്ത്യയിലെ മറ്റെവിടെയെങ്കിലും പുതുവൈപ്പിലേതുപോലെ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശത്ത് സമാനമായ എൽ.പി.ജി. ഇംപോർട്ട് ടെർമിനൽ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ?

(ജി) ഉണ്ട്. ഇന്നോർ എൽ.പി.ജി. ഇംപോർട്ട് ടെർമിനൽ, തമിഴ്നാട്.

സെക്ഷൻ ഓഫീസർ

അനുബന്ധം



3815885/20 IND (J)

129

കേരള സർക്കാർ

സംഗ്രഹം

വ്യവസായ വകുപ്പ്- സ്പെഷ്യൽ ഇക്കണോമിക് സോൺ (SEZ) (പ്രത്യേക സാമ്പത്തിക മേഖല)
-പുതുക്കിയ നയം-പുറപ്പെടുവിക്കുന്നു.

വ്യവസായ (ജെ) വകുപ്പ്

സ.ഉ.(സാധാരണ)നം.1154/2008/വ്യവ | തീയതി. തിരുവനന്തപുരം. 06.10.2008

ഉത്തരവ്

സ്പെഷ്യൽ ഇക്കണോമിക് സോൺ (SEZ) (പ്രത്യേക സാമ്പത്തിക മേഖല) സംബന്ധിച്ച് ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള പുതുക്കിയ നയം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ടി.ബാലകൃഷ്ണൻ
പ്രിൻസിപ്പൽ സെക്രട്ടറി

ചീഫ് സെക്രട്ടറി/അഡീഷണൽ ചീഫ് സെക്രട്ടറി
എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർ
(മേൽനടപടികൾക്കായി)
പൊതുഭരണ (എസ്.സി) വകുപ്പ് (29.9.2008 ലെ 2495-ാം നമ്പർ ഇനം പ്രകാരം)

ഉത്തരവിൻ പ്രകാരം

Rajesh
സെക്ഷൻ ഓഫീസർ

പകർപ്പ്: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
വ്യവസായ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.
കരുതൽ ഫയൽ.
ഓഫീസ് കോപ്പി

815885/20 IND (J)

131

## Enclosure to Decisions No. 2378 & 2495 of 29.09.2008

### SEZ നയം

2005 ൽ പാർലമെണ്ട് പാസ്സാക്കിയ SEZ നിയമമനുസരിച്ച്, രാജ്യത്തിലെ പല ഭാഗങ്ങളിലും പ്രത്യേക സാമ്പത്തിക മേഖലകൾ സ്ഥാപിച്ചു കൊണ്ടിരിക്കുകയാണ്. പ്രത്യേക സാമ്പത്തിക മേഖലകളിൽ സ്ഥാപിക്കുന്ന വ്യവസായ സംരംഭങ്ങൾക്ക് കേന്ദ്ര സർക്കാർ, കോർപ്പറേറ്റ് ടാക്സ്, സെൻട്രൽ എക്സൈസ്, കസ്റ്റംസ് ഡ്യൂട്ടി എന്നിവയിൽ ഒഴിവ് നൽകുന്നുണ്ട്. സംസ്ഥാന സർക്കാരുകൾ വിവിധ ഇളവുകളും സൗജന്യങ്ങളും നൽകുന്ന നയം കൈക്കൊണ്ടുവരുന്നു. ഈ സാഹചര്യത്തിൽ കേരളത്തിൽ, പ്രത്യേക സാമ്പത്തിക മേഖലകളിലെ വ്യവസായ സംരംഭകർക്ക് നൽകേണ്ട ആനുകൂല്യങ്ങൾ സംബന്ധിച്ച് ഒരു നയം രൂപീകരിക്കേണ്ടത് ആവശ്യമായി വന്നിരിക്കുകയാണ്.

സംസ്ഥാനത്ത് ഇതുവരെ 1,1 SEZ കൾക്ക് അനുമതി നൽകിയിട്ടുണ്ട് 8 SEZ കൾക്ക് കേന്ദ്ര സർക്കാരിന്റെ ആവശ്യമായ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു കഴിഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം 6 SEZ കൾക്ക് ശുപാർശ ചെയ്യുകയുണ്ടായി. അതിൽ ഒന്നിന് (സ്മാർട്ട് സിറ്റി) അംഗീകാരം ലഭിച്ചിട്ടുണ്ട്. മറ്റുള്ളവ അംഗീകാരം പ്രതീക്ഷിക്കുന്നു.

സംസ്ഥാനത്ത് അംഗീകാരം ലഭിച്ചവയും അംഗീകാരം ലഭിക്കുന്നതുമായ SEZ കളെ സംബന്ധിച്ച് താഴെപ്പറയുന്ന നയം വ്യക്തമാക്കുന്നു-

1. കേരളത്തിൽ, മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ജനസാന്ദ്രത കൂടുതലായതിനാൽ വലിയതോതിൽ ഭൂമി ആവശ്യമുള്ള SEZ കൾ പ്രായോഗികമല്ല. സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്തു കൊണ്ടുള്ള പ്രത്യേക സാമ്പത്തിക മേഖലകൾക്ക് മാത്രമെ അംഗീകാരം നൽകാവൂ.
2. SEZ പ്രോജക്ടുകൾക്കായി നെൽ വയൽ നികത്താനനുവദിക്കുന്നതല്ല.
3. സർക്കാരിന്റെ ഏജൻസികൾക്ക്, വ്യവസായ പാർക്കുകൾ വികസിപ്പിക്കാൻ ഭൂമി അക്വയർ ചെയ്യാൻ അനുമതി നൽകി വരുന്നുണ്ട്. ഇത്തരം പാർക്കുകളിൽ SEZ വേണമെങ്കിൽ അപേക്ഷിക്കാവുന്നതാണ്. എന്നാൽ SEZ സ്ഥാപിക്കാനായി സ്വകാര്യ സംരംഭകർക്ക് ഭൂമി അക്വയർ ചെയ്ത് നൽകുന്നതല്ല.
4. SEZ ലെ സംരംഭകർക്ക് ഇലക്ട്രിസിറ്റി ഡ്യൂട്ടി ഒഴിവാക്കുന്നതല്ല.

5. SEZ പദവി ലഭിക്കുന്ന ഭൂമിയുടെ 50% വ്യവസായ ആവശ്യത്തിനും. 50%
അനുബന്ധ കാര്യങ്ങൾക്കും (പാർപ്പിടം. ഹോട്ടൽ. വാണിജ്യം, റിക്രിയേഷൻ.
റോഡ് തുടങ്ങിയവ) ഉപയോഗിക്കാമെന്നാണ് ഇപ്പോഴത്തെ കേന്ദ്ര സർക്കാർ
നയം. എന്നാൽ കേരളത്തിൽ SEZ പദവി ലഭിക്കുന്ന ഭൂമിയുടെ 70% വ്യവസായ
ആവശ്യത്തിനും 30% അനുബന്ധ കാര്യങ്ങൾക്കും ഉപയോഗിക്കണമെന്ന്
വ്യവസ്ഥ ചെയ്യുന്നു; അനുബന്ധ കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന ഭൂമിയിൽ
നിർമ്മിക്കുന്ന പാർപ്പിട സമുച്ചയങ്ങൾ പ്രസ്തുത SEZ ലെ ജീവനക്കാരുടെ
താമസ സ്ഥലം മാത്രമായി ഉപയോഗിക്കണം. പുറമെയുള്ളവർക്ക് വിൽപന
നടത്താൻ പാടില്ല. ഈ വ്യവസ്ഥകൾ, ഇതുവരെ കേന്ദ്ര അംഗീകാരം ലഭിച്ചതും,
വികസന പ്രവർത്തനം നടന്നിട്ടില്ലാത്തതും. ഭാവിയിൽ അംഗീകാരം ലഭിക്കുന്നതു
മായ എല്ലാ SEZ കൾക്കും ബാധകമാണ്.

6. കെ.ജി.എസ്.ടി. ആക്ട് പ്രകാരം (വാറ്റ് ഉൾപ്പെടെ) പിരിക്കുന്ന നികുതികളിൽ
നിന്ന് SEZ ലെ വ്യവസായ സംരംഭങ്ങളെ മാത്രം പ്രവർത്തനം ആരംഭിച്ച് 10
വർഷം വരെ ഒഴിവാക്കുന്നതാണ്.

7. സംസ്ഥാനത്തെ SEZ കളെ, തൊഴിൽ നിയമങ്ങൾ, ട്രേഡ് യൂണിയൻ നിയമങ്ങൾ.
ക്ഷേമനിധി നിയമം, പ്രൊവിഡണ്ട് ഫണ്ട് നിയമം, ഫാക്ടറീസ് ആക്ട്,
ഗ്രാറ്റുവിറ്റി ആക്ട് തുടങ്ങി തൊഴിലാളികളുടെയും ജീവനക്കാരുടെയും അവകാ
ശങ്ങളുമായി ബന്ധപ്പെട്ട ഒരു നിയമത്തിൽ നിന്നും ഒഴിവാക്കാവുന്നതല്ല.
ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിന്റെ അദ്ധ്യായം 5-ബി യിൽ നിന്നും
SEZ- കളെ ഒഴിവാക്കുമെന്ന കേന്ദ്ര വ്യവസ്ഥ നടപ്പാക്കുന്നതല്ല.

8. സംസ്ഥാനത്തെ SEZ കളിൽ കോൺട്രാക്ട് ലേബർ റഗുലേഷൻ & അബോളി
ഷൻ ആക്ടിന്റെ വ്യവസ്ഥകൾ ബാധകമായിരിക്കും.

9. സംസ്ഥാനത്തെ എല്ലാ SEZ കളിലും പഞ്ചായത്ത്‌രാജ് ആക്ട് ബാധകമായിരി
ക്കും. പ്രസ്തുത ആക്ടിലെ 200-ാം വകുപ്പിൽ ആർക്കും ഒഴിവു നൽകുന്നതല്ല.

10. SEZ കളിൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ആക്ട് ബാധകമായിരിക്കും.

11. മിച്ചഭൂമി കേസുകളുള്ളവരെ ശുപാർശ ചെയ്യുന്നതല്ല

12. പദ്ധതി നിർമ്മാണം ആരംഭിക്കുന്നതിനു മുൻപായി ഈ വ്യവസ്ഥകൾ
ഗീകരിച്ചുകൊണ്ടുള്ള കരാർ സംരംഭകരുമായി ഒപ്പുവെയ്ക്കേണ്ടതാണ്.

ഈ നയത്തിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള വിജ്ഞാപനങ്ങളിൽ മാറ്റം
വരുത്തുന്നതും പുതിയ വിജ്ഞാപനം ഇറക്കുന്നതുമാണ്.